LIBRARY ARCHIVES Kerala Legislative Assembly

സബ്സ്റ്റേഷനുകളുടെ നിർമ്മാണം

56 [1157] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സ്ഥാപിച്ച സബ്സ്റ്റേഷനുകളുടെ വിശദാംശങ്ങൾ പറയാമോ ;

(ബി) മുൻസർക്കാരിന്റെ കാലത്ത് ചേലക്കര, മുള്ളൂർക്കര എന്നീ കേന്ദ്രങ്ങളിൽ ഓരോ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കാൻ തീരുമാനിച്ചിരുന്നതായി അറിയാമോ ;

(സി) ഈ സബ്സ്റ്റേഷനുകളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഡി) ഇവയുടെ നിർമ്മാണ പുരോഗതിക്കുള്ള തടസ്സം എന്തുകൊണ്ടാണെന്ന് പറയാമോ ;

(ഇ) ഈ പ്രദേശത്തെ ഗുരുതരമായ വോൾട്ടേജ് ക്ഷാമം പരിഗണിച്ച് സമയബന്ധിതമായി സബ്സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ഥാപിച്ച സബ്സ്റ്റേഷനുകളുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. †

(ബി & സി) മുള്ളൂർക്കര, ചേലക്കര എന്നീ സ്ഥലങ്ങളിൽ ഓരോ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കാൻ 5-5-2000-ൽ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ മുള്ളൂർക്കര സബ്സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തുകയും നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥയിൽ സ്ഥലത്തിന്റെ വില നിശ്ചയിക്കുകയും, വില നൽകുന്നതിനുള്ള വിദ്യുച്ഛക്തി ബോർഡ് ഉത്തരവ് 10-2-2008-ൽ നൽകുകയും ചെയ്തിട്ടുണ്ട്. തുക നൽകി സ്ഥലം ഏറ്റെടുത്താൽ ഉടനെ സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കാവുന്നതാണ്.

ചേലക്കര 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥയിൽ സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി സ്ഥലത്തിന്റെ വില നിശ്ചയിച്ചു കഴിഞ്ഞു. തുക നൽകി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) പ്രസ്തുത സബ്സ്റ്റേഷനുകളുടെ നിർമ്മാണം 31-5-2001-ന് എ.ആർ.എം. (ഇപ്പോഴത്തെ ഐകോം ലിമിറ്റഡ്) എന്ന കമ്പനിക്ക് ടേൺകീ അടിസ്ഥാനത്തിൽ 29-11-2001-നകം ചെയ്തുതീർക്കുന്നതിനുവേണ്ടി ഏൽപ്പിക്കുകയുണ്ടായി. കരാറുപ്രകാരം ടേൺ കീ കോൺട്രാക്ടർ തന്നെയായിരുന്നു സ്ഥലമെടുപ്പ് നടപടിയും ചെയ്യേണ്ടിയിരുന്നത്. പക്ഷേ പ്രസ്തുത കോൺട്രാക്ടർ പ്രാരംഭ നടപടിയായ സ്ഥലമെടുപ്പ് പോലും

† അനുബന്ധം V

അനുബന്ധം—V

17-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 56 [1157]-ന്റെ ഉത്തരം കാണുക

220 കെ. വി. സബ്സ്റ്റേഷൻ

1. ഷൊർണ്ണൂർ
2. തളിപ്പറമ്പ്
3. കുണ്ടറ

110 കെ. വി. സബ്സ്റ്റേഷൻ

1. ഏഴിമല
2. കൊടകര
3. ഇടപ്പിള്ളി
4. ചെറുവത്തൂർ
5. മട്ടാഞ്ചേരി
6. പൊന്നാനി
7. ചേളാരി
8. കോഴഞ്ചേരി
9. അമ്പലപ്പുറം
10. പുനലൂർ
11. പെരുമ്പാവൂർ
12. തൈക്കാട്ടുശ്ശേരി
13. അഗസ്ത്യമൂഴി
14. കൊല്ലങ്കോട്
15. എടരിക്കോട്
16. ചെർപ്പുളശ്ശേരി
17. കുന്നംകുളം
18. മേപ്പയൂർ
19. ടെൽസ്
20. ഗുരുവായൂർ
21. കൊട്ടാരക്കര
22. കണ്ടശ്ശാൻകടവ്
23. ചക്കിട്ടപ്പാറ
24. ആറ്റിങ്ങൽ
25. പുന്നയൂർക്കുളം
26. ഉടുമ്പന്നൂർ
27. മേലാറ്റൂർ
28. വടക്കാഞ്ചേരി

66 കെ. വി. സബ്സ്റ്റേഷൻ

1. അമ്പലപ്പറമ്പ
2. പുല്ലഴി
3. പത്തനാപുരം
4. ജി.ഐ.എസ്. പുതിയറ
5. വട്ടിയൂർക്കാവ്
6. കുറവിലങ്ങാട്
7. ജി.ഐ.എസ്. പവർ ഹൗസ്
8. ജി.ഐ.എസ്. നിയമസഭാമന്ദിരം
9. ത്രിവേണി

LIBRARY ARCHIVES Kerala Legislative Assembly

33 കെ. വി. സബ്സ്റ്റേഷൻ

1. എരുമപ്പെട്ടി
2. പട്ടാമ്പി
3. തോലാമ്പ്ര
4. തോട്ടട
5. ബാലുശ്ശേരി
6. വള്ളുവമ്പ്രം
7. താഴെക്കോട്
8. പുത്തൂർ (തൃശ്ശൂർ)
9. അഗളി
10. പട്ടിക്കാട്
11. പറപ്പൂക്കര
12. തൃത്താല
13. ചാലിശ്ശേരി
14. വണ്ടൂർ
15. മുതലമട
16. കൊടുവായൂർ
17. കുറുപ്പംപടി
18. മീനങ്ങാടി
19. അലനല്ലൂർ
20. എടവണ്ണ
21. മക്കാരപ്പറമ്പ
22. കൽപ്പറ്റ
23. പടിഞ്ഞാറെത്തുറ
24. പുലാമന്തോൾ
25. ചാവക്കാട്
26. പരിയാരം (കണ്ണൂർ)
27. കടയ്ക്കൽ
28. പുൽപ്പള്ളി
29. മഴുവന്നൂർ
30. വാടാനപ്പള്ളി
31. തൃക്കരിപ്പൂർ
32. അഞ്ചെങ്ങാടി
33. കൈപ്പമംഗലം
34. നെല്ലിയാമ്പതി
35. വടക്കേക്കര
36. കല്ലേറ്റുംകര
37. കോങ്ങാട്
38. ശ്രീകൃഷ്ണപുരം
39. കാലടി
40. ചിറയ്ക്കൽ
41 ചേളാരി

LIBRARY ARCHIVES Kerala Legislative Assembly